LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നിലവിലില്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച സ.ഉ(എം.എസ്) No.362/13/ തസ്വഭവ തീയതി: 16-11-2013 പ്രകാരം പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം സംരക്ഷണം എന്നിവ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങൾ വൃത്തിയാക്കൽ ചെളിയെടുക്കൽ, ആഴം കൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം

284 (3571) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം തിരുവനന്തപുരത്ത് സംഘടിപ്പിച്ചത് സർക്കാരാണോ ; ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര രൂപ ചെലവായി എന്തെല്ലാം ഇനത്തിൽ എത്ര രൂപ വീതം ചെലവ് വരികയുണ്ടായി ;

(ബി) സർക്കാരിന്റെ സംസ്ഥാന തലത്തിലുള്ള പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തത് ആരാണ് ; പ്രസ്തുത വ്യക്തി എന്ത് ഔദ്യോഗിക സ്ഥാനമാണ് വഹിക്കുന്നത് ;

(സി) സർക്കാർ പരിപാടി എന്ന നിലയിൽ പ്രോട്ടോക്കോൾ പാലിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; പ്രസ്തുത ഉദ്ഘാടന പരിപാടിയിൽ പ്രതിപക്ഷത്തുനിന്നുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നുവോ ;

(ഡി) ജനപ്രതിനിധികൾക്ക് പുറമേ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുപ്പിക്കുകയുണ്ടായി ?

ഉത്തരം

(എ) കുടുംബശ്രീയുടെ പതിനാറാം വാർഷിക സമ്മേളനം തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചത് കുടുംബശ്രീ മിഷനാണ്. കുടുംബശ്രീ മിഷന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്നും ഇതിനായി 1,58,54,887 രൂപ കുടുംബശ്രീ മിഷൻ ചെലവഴിച്ചിട്ടുണ്ട്. ഓരോ ഇനത്തിലും ചെലവായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഇനം	തുക
1	വേദികളുടെ വാടക	3,12,454
2	സ്റ്റേജ് നിർമ്മാണം	41,02,057
3	സ്റ്റേജ് അലങ്കാരം	8,77,307
4	സാംസ്കാരിക പരിപാടി	2,24,899
5	പ്രിന്റിംഗ് ചാർജ്ജ്	18,22,185
6	പ്രചരണം	15,860
7	ഭക്ഷണം	19,92,893
8	വിശിഷ്ട വ്യക്തികൾക്കുള്ള ഉപഹാരം	94,615
9	ഹോട്ടൽ വാടക	18,91,173
10	കുടുംബശ്രീ എം.ഇ.സിമാർക്കുള്ള ഓവർകോട്ട് തയ്യൽ കൂലി	1,48,000
11	പ്രോഗ്രാം	18,29,256
12	ഗതാഗതം	7,34,471
13	വീഡിയോ റിക്കാർഡിംഗ്	4,54,550
14	സാംസ്കാരിക പരിപാടി	1,05,200
15	വിമാന യാത്രാ ചെലവ്	1,63,877
16	ഓണറേറിയം&യാത്ര ബത്ത (കുടുംബശ്രീ എം.ഇ.സിമാർ, പരിശീലന ഗ്രൂപ്പ് അംഗങ്ങൾ & ഐ.റ്റി യൂണിറ്റ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ)	6,94,290
17	വിപണന മേള ചെലവ്	3,61,300
18	ലാപ് ടോപ്പ്, പ്രോജക്ടർ, എൽസിഡി വാടക	30,500
	ആകെ	1,58,54,887

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീമതി സോണിയാ ഗാന്ധി. പ്രസ്തുത വ്യക്തി ലോക് സഭാ മെമ്പറാണ്.

(സി) പാലിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ പ്രതിപക്ഷ പ്രതിനിധികളെ ക്ഷണിച്ചിരുന്നു. എന്നാൽ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല.

(ഡി) ഭരണപക്ഷത്തുള്ള ജനപ്രതിനിധികൾക്കു പുറമേ പ്രതിപക്ഷത്തു നിന്നുള്ള ജനപ്രതിനിധികളെയും ബി.ജെ.പി.യിലെ മുൻകേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാലിനെയും ക്ഷണിയ്ക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക

285 (3572) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 നവംബർ 30 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതിതുക സംബന്ധിച്ച കണക്ക് വ്യക്തമാക്കാമോ ;

(ബി) പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി ചെലവ് സംബന്ധിച്ച വിവരങ്ങൾ വെവ്വേറെ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം ഇതേ സമയത്ത് ചെലവഴിച്ച തുകയേക്കാൾ കൂടുതലാണോ കുറവാണോ എന്ന കാര്യം വിശദമാക്കാമോ ?

ഉത്തരം

(എ-സി) 3-12-2014-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്തപ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയാണെന്നും ഗ്രാമ പഞ്ചായത്തുകൾ 878.92 കോടി രൂപ ചെലവഴിച്ചതായും ഇത് 24.37 ശതമാനമാണെന്നും മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73 ശതമാനം, മുൻ വർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44 ശതമാനം) മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5 ശതമാനം, മുൻ വർഷം (24.1 ശതമാനം), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18 ശതമാനം, മുൻ വർഷം 17 ശതമാനം) ചെലവഴിച്ചതായി കണ്ടിട്ടുണ്ട്.)

LIBRARY ARCHIVES Kerala Legislative Assembly